# നീഡ്24ന്യൂസ്

ഓരോ വാർത്തയും, ഓരോ നഗരവും

DIGITAL E-PAPER

PRGI APPLICATION UNDER PROCESS
Application No. T/GJ/2026/0619/2304/1577

GST
GSTIN 24CINPG0564Q1ZT

UDYAM REGISTERED
UDYAM-GJ-14-0003714

◆ DIGITAL NEWS NETWORK ◆
ഇന്ത്യയുടെ വിശ്വസ്ത ബഹുഭാഷാ ഡിജിറ്റൽ ന്യൂസ് നെറ്റ്‌വർക്ക്
11+ Languages | 24×7 Live | e-Paper Daily

ഞങ്ങളുടെ App ഡൗൺലോഡ് ചെയ്യുക
Download on the App Store
GET IT ON Google Play

www.need24.digital
info@need24.in
+91 98700 06472
FOLLOW US:

तेज़ | सटीक | निष्पक्ष | जनहित में | सच की आवाज़ | जन-जन की आवाज़ | निडर पत्रकारिता

KERALA നീഡ് 24 ന്യൂസ് · ഓരോ വാർത്തയും, ഓരോ നഗരവും 24 October 2026


POLITICS

# തൃശൂർ ജില്ലാ IUML ജില്ലാ കമ്മിറ്റിയുടെ ജെന്റർ മന്ദിർ പ്രൊട്ടസ്റ്റ് യോഗം കോർപറേഷൻ ഓഫീസ് മുന്നിൽ നടന്നു




Sajeevan P.U., Thrissur। IUML തൃശൂർ ജില്ലാ കമ്മിറ്റിയുടെ ജെന്റർ മന്ദിർ പ്രൊട്ടസ്റ്റ് കോർപറേഷൻ ഓഫീസിനു മുന്നിൽ നടന്നു, പ്രാദേശിക രാഷ്ട്രീയ രംഗത്തെ ശ്രദ്ധ ആകർഷിച്ചു. ജില്ലയിലെ പ്രമുഖ നേതാക്കൾ പങ്കെടുത്തു.

ചടങ്ങിന്റെ ഉദ്ഘാടനം പ്രശസ്ത എഴുത്തുകാരൻ പി സുരേന്ദ്രൻ നടത്തിയതോടെ, പങ്കെടുത്തവർ പിന്തുണയും പ്രതീക്ഷയും പ്രകടമാക്കി. പ്രൊട്ടസ്റ്റ് സമാധാനപരമായി നടന്നു, നിയമം പാലിച്ചു, അധികാരികളുമായി തുറന്ന സംഭാഷണത്തിന് വഴിയൊരുക്കി.

## കെ.യു.ഡബ്ല്യു.ജെ. മലപ്പുറം ജില്ലാ കമ്മിറ്റിയെ തിരഞ്ഞെടുത്തു.



RAMESH CHUNGAPPALLI। മലപ്പുറം പ്രസ്ക്ലബ്ബ് പ്രസിഡന്റായി വിമൽ കോട്ടയ്ക്കൽ;

സെക്രട്ടറിയായി വി.പി. നിസാർ

മലപ്പുറം: കേരള പത്രപ്രവർത്തക യൂണിയൻ (കെ.യു.ഡബ്ല്യു.ജെ.) മലപ്പുറം ജില്ലാ കമ്മിറ്റി പ്രസിഡന്റായി വിമൽ കോട്ടയ്ക്കലിനെയും (മാതൃഭൂമി) സെക്രട്ടറിയായി വി.പി. നിസാറിനെയും (മംഗളം) (കെ.യു.ഡബ്ല്യു.ജെ.) മലപ്പുറം പ്രസ്ക്ലബ്ബിന്റെ 2026-28 കാലയളവിലേക്കുള്ള ഭാരവാഹികളായാണ് ഇരുവരും തെരഞ്ഞെടുക്കപ്പെട്ടത്.

ടി.പി. സുരേഷ്കുമാർ (മാധ്യമം) ട്രഷററായും യു. വിനയൻ (ദേശാഭിമാനി) വൈസ് പ്രസിഡന്റായും, ഗീതു തമ്പി(സുപ്രഭാതം)ജോയിന്റ് സെക്രട്ടറിയായും തെരഞ്ഞെടുക്കപ്പെട്ടു. ജില്ലാ കമ്മിറ്റി അംഗങ്ങളായി മുജീബ് പുള്ളിച്ചോല(സിറാജ്), പി.വി. നജീബ്(ചന്ദ്രിക), സുധ സുന്ദരൻ പാറങ്ങൽ(ദേശാഭിമാനി) എന്നിവരും തെരഞ്ഞെടുക്കപ്പെട്ടു.

തുടർച്ചയായി രണ്ടാം തവണയാണ് വി.പി. നിസാർ ജില്ലാ സെക്രട്ടറിയാകുന്നത്. ജില്ലാ റിട്ടേണിങ് ഓഫീസർ ഷെറിൻ മുഹമ്മദും അസിസ്റ്റന്റ് റിട്ടേണിങ് ഓഫീസർ സി.പി. അബ്ദുസമദും തിരഞ്ഞെടുപ്പ് നടപടികൾക്ക് നേതൃത്വം നൽകി.

Vimal Kottakkal Elected as Malappuram Press Club President, V.P. Nisar as Secretary

MALAPPURAM: Vimal Kottakkal (Mathrubhumi) and V.P. Nisar (Mangalam) have been elected as the President and Secretary respectively of the Kerala Union of Working Journalists (KUWJ) Malappuram District Committee and the Malappuram Press Club for the 2026–28 term.

Additionally, T.P. Suresh Kumar (Madhyamam) was elected as Treasurer, U. Vinayan (Deshabhimani) as Vice President, and Geethu Thampi (Suprabhatham) as Joint Secretary. Mujeeb Pulhichola (Siraj), P.V. Najeeb (Chandrika), and Sudha Sundaran Parangall (Deshabhimani) were elected as District Committee members.

This marks the second consecutive term for V.P. Nisar as District Secretary. District Returning Officer Sherin Mohammed and Assistant Returning Officer C.P. Abdussamad led the election proceedings.

## കാറിന് തീപിടിച്ച് പൂർണ്ണമായി കത്തിനശിച്ചു



RAMESH CHUNGAPPALLI। കാടാംപുഴയിൽ യാത്രയ്ക്കിടെ കാർ കത്തിനശിച്ചു; വൻ ദുരന്തം ഒഴിവായത് തലനാരിഴയ്ക്ക്

കാടാംമ്പുഴ: കാടാംമ്പുഴയ്ക്ക് സമീപം ഓടിക്കൊണ്ടിരുന്ന കാറിന് തീപിടിച്ച് പൂർണ്ണമായി കത്തിനശിച്ചു. സംഭവസമയം വാഹനത്തിലുണ്ടായിരുന്നവർ അത്ഭുതകരമായി പരിക്കുകളില്ലാതെ രക്ഷപ്പെട്ടു.

റോഡിലൂടെ സഞ്ചരിച്ചുകൊണ്ടിരുന്ന കാറിന്റെ ബോണറ്റിൽ നിന്നും പുക ഉയരുന്നത് ഡ്രൈവറുടെ ശ്രദ്ധയിൽപ്പെടുകയായിരുന്നു. തുടർന്ന് ഉടൻ തന്നെ വാഹനം റോഡരികിൽ നിർത്തി ഡ്രൈവറും മറ്റ് യാത്രാക്കാരും പുറത്തിറങ്ങിയതിനാലാണ് വൻ ദുരന്തം ഒഴിവായത്.

ആളുകൾ ഒഴിഞ്ഞുമാറിയതിന് പിന്നാലെ കാറിലേക്ക് തീ ആളിപ്പടരുകയായിരുന്നു. വിവരമറിഞ്ഞ് സ്ഥലത്തെത്തിയ അഗ്നിശമന സേനാംഗങ്ങൾ നാട്ടുകാരുടെ സഹായത്തോടെ തീയണച്ചെങ്കിലും കാർ പൂർണ്ണമായും കത്തിനശിച്ചിരുന്നു. ഷോർട്ട് സർക്യൂട്ടാണ് തീപിടിത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. സംഭവത്തെ തുടർന്ന് കുറച്ചുനേരം പ്രദേശത്ത് ഗതാഗത തടസ്സം നേരിട്ടു.Car Catches Fire Near Kadampuzha; Major Disaster Averted Narrowly

KADAMPUZHA: A moving car was completely gutted in a sudden fire near Kadampuzha, though the occupants miraculously escaped unhurt, averting a major tragedy.

The incident occurred while the vehicle was traveling along the road. The driver noticed smoke billowing from the bonnet of the car and immediately parked it on the roadside. All passengers managed to get out of the vehicle safely in time.

Flames engulfed the car shortly after everyone moved to a safe distance. Upon receiving information, Fire and Rescue personnel rushed to the spot and extinguished the fire with the help of local residents, though the car was reduced to ashes. Preliminary investigations suggest that a short circuit caused the fire. Traffic in the area was disrupted for a short while following the incident.

## വാറ്റുചാരായുമായി ഒരാൾ അറസ്റ്റിൽ

SHIBU CHETTUKUZHY। *10 ലിറ്റർ ചാരായവുമായി ഒരാളെ ഉടുമ്പൻചോല എക്സൈസ് പിടികൂടി.*

*ഓപ്പറേഷൻ തണ്ടർ*

ഭാഗമായി അതിർത്തി മേഖലകളിൽ നടത്തിയ രഹസ്യാന്വേഷണത്തിൽ ഉടുമ്പൻചോല എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ വിജയകുമാർ ജി.യും പാർട്ടിയും നെറ്റിത്തൊഴു മണിയൻപെട്ടി കരയിൽ നിന്നും *10 ലിറ്റർ വാറ്റ് ചാരായവുമായി* ഉടുമ്പൻചോല താലൂക്കിൽ അണക്കര വില്ലേജിൽ മണിയൻ പെട്ടി കരയിൽ വണ്ടൻമേട് ഗ്രാമപഞ്ചായത്ത് വാർഡ് ഒൻപതിൽ വീട്ടു നമ്പർ 92 ൽ താമസം ചിന്ന തേവൻ മകൻ 61 വയസുള്ള *സാമി തേവൻ* എന്നയാളെ അറസ്റ്റ് ചെയ്തു. ടിയാൻ ഏതാനും ദിവസങ്ങളായി എക്സ്സൈസ് സംഘത്തിന്റെ നിരീക്ഷണതിലായിരുന്നു. തമിഴ്നാട് വനമേഖലയോട് ചേർന്ന് ആൾപാർപ്പ് കുറവുള്ള മേഖലയിൽ ഇരുട്ടിന്റെ മറവിലാണ് ടിയാൻ ഇത്തരം കുറ്റകൃത്യങ്ങളിൽ ഏർപ്പെടുക എന്ന് മനസ്സിലാക്കിയ സംഘം കോരിച്ചൊരിയുന്ന മഴയിൽ ടിയാനെ ശ്രമ കരമായി പഴുതടച്ചു പിടികൂടുകയായിരുന്നു. കേസ് രജിസ്റ്റർ ചെയ്ത് അന്വേഷണം ആരംഭിച്ചു.സിവിൽ എക്സൈസ് ഓഫീസർമാരായ റ്റിൽസ് ജോസഫ്, പ്രഫുൽ ജോസ്, സതീഷ് പി.ആർ

ഗ്രേഡ് പ്രിവന്റീവ് ഓഫീസർമാരായ അനൂപ് K.S അനീഷ് T. A എന്നിവർ പരിശോധനയിൽ പങ്കെടുത്തു. ഹാജരാക്കിയ പ്രതിയെ റിമാൻഡ് ചെയ്തു.

## .വർത്തമാന കാല ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രസക്തി വർദ്ധിച്ചു




RAMESH CHUNGAPPALLI। താനൂർ: രാഷ്ട്രീയ ജനതാ ദളിൽ (RJD) ചേർന്നവർക്ക് സ്വീകരണം നൽകി..

ബാപ്പു വടക്കയിൽ, പി.പ്രദീപ് കുമാർ, സി. മുരളീധരൻ , എ. അലിക്കുട്ടി എന്നിവരുടെ നേതൃത്വത്തിൽ വിവിധ രാഷ്ട്രീയ പാർട്ടികളിൽ നിന്ന് രാജിവെച്ച് 30 ഓളം പ്രവർത്തകർ രാഷ്ട്രീയജനതാ ദളിൽ ചേർന്നു. രാഷ്ട്രീയ ജനതാ ദൾ താനൂർ മണ്ഡലം കമ്മറ്റിയുടെ സ്വീകരണ യോഗത്തിൽ RJD സംസ്ഥാന ജനറൽ സെക്രട്ടറി സബാഹ് പുൽപ്പറ്റ മെമ്പർഷിപ്പും , പതാകയും നൽകി.

"വർത്തമാന കാല

ഇന്ത്യൻ രാഷ്ട്രീയ സാഹചര്യത്തിൽ സോഷ്യലിസ്റ്റ് പ്രസ്ഥാനത്തിന്റെ പ്രസക്തി വർദ്ധിച്ചു വരികയാണന്നും സ്വാതന്ത്ര്യ സമര പോരാട്ടത്തിലും സ്വതന്ത്ര്യാന ഇന്ത്യയിലും ജനാധിപത്യത്തിന് വേണ്ടി പോരാടിയ പ്രസ്ഥാനമാണ് സോഷ്യലിസ്റ്റ് പാർട്ടി . അതിന്റെ വർത്തമാനകാല രാഷ്ട്രീയവുമായ RJD സംഘ്പരിവാറിന്റെയും, BJP യുടെയും രാഷ്ട്രീയ ജനതാ ദൾ താനൂർ മണ്ഡലം കമ്മറ്റിയുടെ സ്വീകരണ പന്തിയിലുണ്ടാകുമെന്ന്" സ്വീകരണ യോഗത്തിൽ RJD സംസ്ഥാന ജനറൽ സെക്രട്ടറി സബാഹ് പുൽപ്പറ്റ പറഞ്ഞു.

RJD താനൂർ മണ്ഡലം പ്രസിഡന്റ് V. V. വേണു ഗോപാൽ അദ്ധ്യക്ഷത വഹിച്ചു. ജില്ലാ പ്രസിഡന്റ് അഡ്വ എം. ജനാർദനൻ യോഗം ഉൽഘാടനം

ചെയ്തു. എം. സിദ്ധാർത്ഥൻ, അലി പുല്ലിത്തൊടി , എൻ.പി. മോഹൻ രാജ്, ഭാസ്കരൻ കരിങ്കപ്പാറ, P.P. ഹമീദ് ഹാജി, P. പ്രദീപ് കുമാർ , സി.മുരളീധരൻ , മോ ഹനൻ മാമ്പറ്റ , A. അലിക്കുട്ടി എന്നിവർ സംസാരിച്ചു.

RELIGION

## കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ ഇന്ന് ചടങ്ങ് നടന്നു



**RAMESH CHUNGAPPALLI** കാടാമ്പുഴ ഭഗവതി ക്ഷേത്രത്തിൽ ഇന്ന് ഒരു ചടങ്ങ് നടന്നു.

ചടങ്ങിന്റെ സ്വഭാവം സംബന്ധിച്ച വിശദാംശങ്ങൾ ഇതുവരെ ലഭ്യമല്ല.

ഈ ചടങ്ങ് ക്ഷേത്രത്തിന്റെ പതിവ് പ്രവർത്തനങ്ങളിലൊന്നായി കണക്കാക്കപ്പെടുന്നു.

## 24നും 25നും ഓറഞ്ച് അലർട്ട്;



**RAMESH CHUNGAPPALLI** മലപ്പുറം ജില്ലയിൽ ഇന്നും 24നും 25നും ഓറഞ്ച് അലർട്ട്; ശക്തമായ മഴയ്ക്ക് സാധ്യത

മലപ്പുറം: സംസ്ഥാനത്ത് ശക്തമായ മഴ തുടരുന്ന സാഹചര്യത്തിൽ മലപ്പുറം ജില്ലയിൽ കേന്ദ്ര കാലാവസ്ഥാ വകുപ്പ് ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചു. ഇന്ന് (വ്യാഴം) കൂടാതെ ഈ മാസം 24, 25 തീയതികളിലുമാണ് ജില്ലയിൽ ഓറഞ്ച് അലർട്ട് പ്രഖ്യാപിച്ചിരിക്കുന്നത്.

ഒറ്റപ്പെട്ടയിടങ്ങളിൽ അതിശക്തമായ മഴയ്ക്കുള്ള സാധ്യതയുണ്ടെന്നാണ് മുന്നറിയിപ്പ്.

കനത്ത മഴ തുടരുന്ന പശ്ചാത്തലത്തിൽ പൊതുജനങ്ങൾ അതീവ ജാഗ്രത പാലിക്കണമെന്ന് ജില്ലാ ഭരണകൂടം അറിയിച്ചു. താഴ്ന്ന പ്രദേശങ്ങൾ, വെള്ളക്കെട്ട് സാധ്യതയുള്ള സ്ഥലങ്ങൾ, ഉരുൾപൊട്ടൽ-മണ്ണിടിച്ചിൽ സാധ്യതയുള്ള മലയോര മേഖലകൾ എന്നിവിടങ്ങളിൽ താമസിക്കുന്നവർ പ്രത്യേക ശ്രദ്ധ പുലർത്തണം.

## പോലീസ് സ്മൃതി ദിനമാചരിച്ചു



**RAMESH CHUNGAPPALLI** പോലീസ് സ്മൃതി ദിനത്തോടനുബന്ധിച്ച് മലപ്പുറം ജില്ലാ പോലീസും കേരള സ്റ്റേറ്റ് ബ്ലഡ് ട്രാൻസ്ഫ്യൂഷൻ കൗൺസിലും സംയുക്തമായി സംഘടിപ്പിച്ച രക്തദാന ക്യാമ്പിൽ പങ്കെടുത്തവർക്കുള്ള സർട്ടിഫിക്കറ്റ് വിതരണം ജില്ലാ പൊലീസ് മേധാവി ചൈത്ര തെരേസ ജോൺ നിർവഹിക്കുന്നു

## അക്യുപങ്ചർ ചികിത്സകരുടെ സംഗമം 24 ന്



**RAMESH CHUNGAPPALLI** അക്യുപങ്ചർ ചികിത്സകരുടെ സംസ്ഥാന സംഗമം ശനിയാഴ്ച ചെമ്മാട്; 700 അംഗങ്ങൾ പങ്കെടുക്കും

400-ഓളം വനിതകൾ; ഇതര സംസ്ഥാനങ്ങളിൽനിന്നും പ്രതിനിധികളെത്തും; പുതിയ വർഷത്തേക്കുള്ള തിരിച്ചറിയൽ കാർഡുകളും വിതരണം ചെയ്യും

മലപ്പുറം : ഇന്ത്യൻ അക്യുപങ്ചർ പ്രാക്ടീഷണേഴ്സ് അസോസിയേഷന്റെ സംസ്ഥാന വാർഷിക പൊതുയോഗവും പൊതുസമ്മേളനവും ഒക്ടോബർ 24 ശനിയാഴ്ച മലപ്പുറം ജില്ലയിലെ ചെമ്മാട് താജ് കൺവെൻഷൻ സെന്ററിൽ നടക്കും. കേരളത്തിന്റെ വിവിധ ജില്ലകൾക്കു പുറമെ മഹാരാഷ്ട്ര, തെലങ്കാന, ആന്ധ്രപ്രദേശ് തുടങ്ങിയ സംസ്ഥാനങ്ങളിൽനിന്നുമായി എഴുന്നൂറോളം അംഗങ്ങൾ പങ്കെടുക്കും. ഇതിൽ നാനൂറോളം വനിതകളുമുണ്ട്. അംഗങ്ങൾക്കുള്ള വരുംവർഷത്തെ തിരിച്ചറിയൽ കാർഡുകളുടെ വിതരണവും പരിപാടിയുടെ ഭാഗമായി നടക്കും. വൈകിട്ട് നടക്കുന്ന പൊതുസമ്മേളനത്തിൽ രണ്ടായിരത്തോളം പൊതുജനങ്ങൾ പങ്കെടുക്കുമെന്ന് സംഘാടകർ പ്രതീക്ഷിക്കുന്നതായി

ഇന്ത്യൻ അക്യുപങ്ചർ പ്രാക്റ്റീഷനേഴ്സ് അസോസിയേഷൻ കേരള സംസ്ഥാന പ്രസിഡന്റ് ഷുഹൈബ് റിയാലു , വൈസ് പ്രസിഡൻറ് സയ്യിദ് അക്രം, മലപ്പുറം ജില്ലാ സെക്രട്ടറി പി. എച്ച് .സുബൈർ, ജോയിൻ സെക്രട്ടറി

മുഹ്സിന ബാസിത്ത്

എക്സിക്യൂട്ടീവ് മെമ്പർ

അബൂ ഉബൈദത്ത് ,പോഗ്രാം കൺവീനർ സലീന കാസിം എന്നിവർ വാർത്താ സമ്മേളനത്തിൽ പങ്കെടുത്തു.

State Conclave of Acupuncture Practitioners on Saturday in Chemmad; 700 Members to Participate

About 400 women; Delegates to arrive from other states; Identification cards for the new year will also be distributed

MALAPPURAM: The state annual general meeting and public conference of the Indian Acupuncture Practitioners Association will be held on Saturday, October 24, at the Taj Convention Centre in Chemmad, Malappuram district. Around 700 members from various districts of Kerala as well as states including Maharashtra, Telangana, and Andhra Pradesh will participate. This includes approximately 400 women. The distribution of identification cards for members for the coming year will also take place as part of the event. Organizers expect around 2,000 members of the general public to attend the public session held in the evening.

Indian Acupuncture Practitioners Association Kerala State President Shuhaib Riyalu, Vice President Syed Akram, Malappuram District Secretary P. H. Zubair, Joint Secretary Muhsina Basith, Executive Member Abu Ubaidath, and Program Convener Saleena Kasim participated in the press conference.

## നവരാത്രി ആഘോഷങ്ങൾ സമാപിച്ചു;



**RAMESH CHUNGAPPALLI** താമരക്കുഴി മാരിയമ്മൻ ക്ഷേത്രത്തിലെ നവരാത്രി ആഘോഷങ്ങൾ സമാപിച്ചു; നഗരത്തിൽ വർണാഭമായ തേര് എഴുന്നള്ളിപ്പ്

താമരക്കുഴി: ഭക്തിസാന്ദ്രമായ ചടങ്ങുകളോടെ താമക്കുഴി മാരിയമ്മൻ ക്ഷേത്രത്തിലെ ഈ വർഷത്തെ നവരാത്രി മഹോത്സവം സമാപിച്ചു. ആഘോഷങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് നഗരത്തിൽ നടന്ന തേര് എഴുന്നള്ളിപ്പ് കാണാൻ നിരവധി ഭക്തജനങ്ങളാണ് എത്തിച്ചേർന്നത്.

കഴിഞ്ഞ ഒൻപത് ദിവസങ്ങളിലായി വിവിധ പൂജകൾ, പ്രത്യേക വഴിപാടുകൾ, സാംസ്കാരിക പരിപാടികൾ എന്നിവയോടെയാണ് ക്ഷേത്രത്തിൽ നവരാത്രി ആഘോഷങ്ങൾ നടന്നു വന്നത്. സമാപന ദിവസമായ വിജയദശമി ദിനത്തിൽ പ്രത്യേക പൂജകൾക്കും വിദ്യാരംഭ ചടങ്ങുകൾക്കും ശേഷമാണ് തേര് എഴുന്നള്ളിപ്പ് ആരംഭിച്ചത്.

വർണ്ണശബലമായി അലങ്കരിച്ച തേരുകൾക്ക് മുന്നിൽ വാദ്യമേളങ്ങളും തെയ്യവും കാവടിയാട്ടവും ഭക്തരുടെ നാമജപവും നിറഞ്ഞുനിന്നു. നഗരത്തിന്റെ വിവിധ പാതകളിലൂടെ കടന്നുപോയ എഴുന്നള്ളിപ്പ് കാണാനും ദേവിയെ ദർശിക്കാനും വഴിനീളെ വൻ ജനക്കൂട്ടം തടിച്ചുകൂടിയിരുന്നു. ആഘോഷങ്ങൾ ഭംഗിയായി സമാപിച്ചതിൽ ക്ഷേത്ര ഭാരവാഹികളും നാട്ടുകാരും സന്തോഷം പ്രകടിപ്പിച്ചു.

Thamarakkuzhi Mariamman Temple Navaratri Celebrations Conclude; Colorful Chariot Procession Held in the Town

Thamarakkuzhi: The Navaratri festival for this year at the Thamarakkuzhi Mariamman Temple concluded with devotion-filled ceremonies. A large number of devotees gathered in the town to witness the chariot procession held to mark the culmination of the celebrations.

For the past nine days, the temple's Navaratri celebrations were marked by various pujas, special offerings, and cultural programs. On Vijayadashami, the concluding day, the chariot procession commenced following special pujas and Vidyarambham ceremonies.

The brightly decorated chariots were preceded by traditional percussion music (vadhyamelam), Theyyam, Kavadiyattam, and the rhythmic chanting of devotees. A massive crowd gathered all along the route to witness the procession as it passed through various streets of the town and to catch a glimpse of the goddess. The temple office-bearers and locals expressed their happiness over the successful conclusion of the celebrations.

SPORTS

## തൃശൂരിൽ ആൻസി സോജൻ ഏഷ്യൻ ഗെയിംസ് വെള്ളി മെഡൽ ജേതാവ് ആൻസി സോജനെ ആദരിച്ചു.



**Sajeevan P.U., Thrissur** തെക്കേ ഗോപുരനടയിൽ ബുധനാഴ്ച വൈകിട്ട് ആരംഭിച്ച സ്വീകരണ യാത്ര, തൃശൂർ ടൗൺ ഹാളിൽ സമാപിച്ചു. തൃശൂർ കോർപ്പറേഷൻ, ആറ്റ്ലറ്റിക് അസോസിയേഷൻ, വെൽഫെയർ ആറ്റ്ലറ്റിക് അസോസിയേഷൻ, ഒളിമ്പിക് അസോസിയേഷൻ എന്നിവയുടെ സംയുക്തമായ പരിപാടിയിൽ ഏഷ്യൻ ഗെയിംസ്യിൽ രണ്ടാമതും വെള്ളി മെഡൽ നേടിയആൻസി സോജനും രാജ്യത്തിന്റെ അഭിമാനമുയർത്തിയ മറ്റു താരങ്ങൾക്കും ആദരവ് നൽകുകയും ചെയ്തു.

ആദരവ് നേടിയവരിൽ ലോക അണ്ടർ 20 ആറ്റ്ലറ്റിക് 400 മീറ്ററിൽ ദേശീയ റെക്കോഡ് തിരുത്തിയ മുഹമ്മദ് അഷ്ഫാക്ക്, ഏഷ്യൻ ഗെയിംസ് മെഡൽ ജേതാവ് പാവമ്മ ജിതിൻ, ഷോട്ട് പുട്ടിലെ ഉയർന്നുവരുന്ന താരം, കൃഷ്ണ ജയശങ്കർ, ചെസ് താരമായ നിഹാൽ സരിൻ, ഏഷ്യൻ ഗെയിംസ് ഡെപ്യൂട്ടി ഷെഫ് ഡി മിഷൻ ഒളിമ്പ്യൻ ലിജോ ഡേവിഡ് തോട്ടാൻ എന്നിവരടങ്ങുന്നു.

മന്ത്രി ഒ. ജെ. ജനീഷ് ആദര ചടങ്ങ് ഉദ്ഘാടനം ചെയ്തു. കായിക വകുപ്പിൽ നിരവധി മാറ്റങ്ങൾക്ക് തുടക്കം കുറിക്കുമെന്ന്, അതോടെ വകുപ്പിന്റെ മുഖം മാറുമെന്നു അദ്ദേഹം അറിയിച്ചു. മേയർ നിജി ജസ്റ്റിൻ ചടങ്ങിൽ അധ്യക്ഷത വഹിച്ചു. എം.എൽ.എ. മാരായ രാജൻ ജെ. പല്ലൻ, കെ. രാജൻ തുടങ്ങിയവരും പങ്കെടുത്തു.

RELIGION

## താമരക്കുഴി മാരിയമ്മൻ ക്ഷേത്രത്തിൽ നവരാത്രി ആഘോഷം സമാപിച്ചു



**RAMESH CHUNGAPPALLI** താമരക്കുഴി മാരിയമ്മൻ ക്ഷേത്രത്തിലെ നവരാത്രി ആഘോഷങ്ങൾ സമാപിച്ചു; നഗരത്തിൽ വർണാഭമായ തേര് എഴുന്നള്ളിപ്പ്.

താമരക്കുഴി: ഭക്തിസാന്ദ്രമായ ചടങ്ങുകളോടെ താമക്കുഴി മാരിയമ്മൻ ക്ഷേത്രത്തിലെ ഈ വർഷത്തെ നവരാത്രി മഹോത്സവം സമാപിച്ചു. ആഘോഷങ്ങളുടെ സമാപനം കുറിച്ചുകൊണ്ട് നഗരത്തിൽ നടന്ന തേര് എഴുന്നള്ളിപ്പ് കാണാൻ നിരവധി ഭക്തജനങ്ങളാണ് എത്തിച്ചേർന്നത്.

കഴിഞ്ഞ ഒൻപത് ദിവസങ്ങളിലായി വിവിധ പൂജകൾ, പ്രത്യേക വഴിപാടുകൾ, സാംസ്കാരിക പരിപാടികൾ എന്നിവയോടെയാണ് ക്ഷേത്രത്തിൽ നവരാത്രി ആഘോഷങ്ങൾ നടന്നു വന്നത്. സമാപന ദിവസമായ വിജയദശമി ദിനത്തിൽ പ്രത്യേക പൂജകൾക്കും വിദ്യാരംഭ ചടങ്ങുകൾക്കും ശേഷമാണ് തേര് എഴുന്നള്ളിപ്പ് ആരംഭിച്ചത്.

വർണ്ണശബലമായി അലങ്കരിച്ച തേരുകൾക്ക് മുന്നിൽ വാദ്യമേളങ്ങളും തെയ്യവും കാവടിയാട്ടവും ഭക്തരുടെ നാമജപവും നിറഞ്ഞുനിന്നു. നഗരത്തിന്റെ വിവിധ പാതകളിലൂടെ കടന്നുപോയ എഴുന്നള്ളിപ്പ് കാണാനും ദേവിയെ ദർശിക്കാനും വഴിനീളെ വൻ ജനക്കൂട്ടം തടിച്ചുകൂടിയിരുന്നു. ആഘോഷങ്ങൾ ഭംഗിയായി സമാപിച്ചതിൽ ക്ഷേത്ര ഭാരവാഹികളും നാട്ടുകാ രും സന്തോഷം പ്രകടിപ്പിച്ചു.

RELIGION

## ചേർപ്പ് തിരുവുള്ളക്കാവ് ശ്രീ ധർമ്മശാസ്താക്ഷേത്രത്തിൽ വിജയദശമി ആഘോഷം



**Sajeevan P.U.** ചേർപ്പ് തിരുവുള്ളക്കാവ് ശ്രീ ധർമ്മശാസ്താക്ഷേത്രത്തിൽ ഈ വർഷം വിജയദശമി ആഘോഷം നടന്നു. ദേവാലയത്തിൽ പരമ്പരാഗത ശാസ്ത്രം, ഹോം, ശുചി, ശബ്ദം എന്നിവയോടെ ചടങ്ങുകൾ ആരംഭിച്ചു.

വിജയദശമിയുടെ പ്രാധാന്യം അനുസ്മരിപ്പിക്കുന്നതിനായി ക്ഷേത്രം ശുചീകരണം, ശില്പം, ദീപം തെളിയിക്കൽ തുടങ്ങിയ ചടങ്ങുകൾ നടത്തി.

വിദ്യാരംഭ ദിനമായ ഇന്ന് വിപുലമായ ആഘോഷ പരിപാടികളാണ് ഇവിടെ നടന്നത്. പുലർച്ച നാല് മുതൽ തന്നെ അറിവിന്റ ആദ്യാക്ഷരം നുകരാനായി ധാരാളം കുഞ്ഞു മക്കളേയും കൊണ്ട് അവരുടെ മാതാപിതാക്കളെത്തി ചേർന്നു. തിരുവുള്ളക്കാവ് വാര്യത്തെ ശ്രീധര വാര്യരുടെ നേതൃത്വത്തിൽ അമ്പതിലധികം വരുന്ന ആചാര്യൻമാരുടെ കാർമ്മികത്വത്തിൽ പതിനായിരത്തിലധികം കുഞ്ഞു മക്കൾ അറിവിന്റെ ആദ്യാക്ഷരത്തിൽ ഹരിശ്രീ കുറിച്ചു.

RELIGION

## തൃശൂർ തിരുവമ്പാടി ക്ഷേത്രത്തിൽ വിജയദശമി എഴുത്തിനിരുത്തൽ ചടങ്ങ്



**Sajeevan P.U., Thrissur** കേരളത്തിന്റെ തൃശൂർ ജില്ലയിൽ സ്ഥിതിചെയ്യുന്ന തിരുവമ്പാടി ക്ഷേത്രം, നാളെയുടെ വിജയദശമി ആഘോഷങ്ങൾക്കായി തിരക്കിലായി. കഴിഞ്ഞ പത്ത് ദിവസങ്ങളായി ക്ഷേത്രത്തിൽ വിവിധ കലാപരിപാടികൾ നടന്നു, ദർശകർക്ക് സാംസ്കാരിക ആനന്ദം നൽകിക്കൊണ്ടിരുന്നു.

വൈകുന്നേരം മുതൽ നാളെയുടെ തിരുനാൾ വരെ, ക്ഷേത്രം കുട്ടികൾക്കായി പ്രത്യേകമായി എഴുത്തിനിരുത്തൽ (വ്രതം) ചടങ്ങ് സംഘടിപ്പിക്കാൻ വിപുലമായ ഒരുക്കങ്ങൾ പൂർത്തിയാക്കിയിട്ടുണ്ട്. ഈ ചടങ്ങിൽ കുട്ടികൾക്ക് ശുദ്ധമായ എഴുത്ത് പരിശീലനം നൽകുകയും, വിജയദശമിയുടെ ആത്മീയ മൂല്യം അവബോധിപ്പിക്കുകയും ചെയ്യുന്നു.

പരിപാടിയുടെ ഭാഗമായി ക്ഷേത്രം പരിസരവാസികളെയും വിനോദസഞ്ചാരികളെയും ആകർഷിച്ച്, പരമ്പരാഗത സംഗീതം, നൃത്തം, ശാസ്ത്രപ്രദർശനങ്ങൾ എന്നിവയും അവതരിപ്പിച്ചു. ഈ ചടങ്ങ് വിജയദശമിയുടെ സാംസ്കാരിക, മതപരമായ പ്രാധാന്യത്തെ ഊന്നിപ്പറയുന്നതിനുള്ള ഒരു പ്രധാന ഘടകമായി കണക്കാക്കപ്പെടുന്നു.

---

LOCAL

## CITU ജില്ല സമ്മേളനം തൃശ്ശൂരിൽ സമാപിച്ചു: സമാപന റാലി, പൊതു സമ്മേളനം




**Sajeevan P.U., Thrissur |** ഒക്ടോബർ 17-19 തീയതികളിൽ തൃശ്ശൂരിൽ നടന്ന CITU ജില്ല സമ്മേളനം ഇന്നലെ സമാപിച്ചു. സമ്മേളനത്തിൽ അംഗങ്ങളും നേതാക്കളും ഒത്തുചേർന്ന് വിവിധ വിഷയങ്ങളിൽ ചർച്ച നടത്തി.

സമാപന റാലി CMS സ്കൂൾ പരിസരത്ത് ആരംഭിച്ചു, തുടർന്ന് ഇൻഡോർ സ്റ്റേഡിയത്തിനടുത്തുള്ള സഖാവ് ബേബി ജോൺ നഗറിൽ അവസാനിച്ചു. റാലിയിൽ പങ്കെടുത്തവർ യൂണിയന്റെ നേട്ടങ്ങളും ഭാവി പദ്ധതികളും ചൂണ്ടിക്കാട്ടി.

അതിനുശേഷം നടന്ന പൊതു സമ്മേളനം CITU സംസ്ഥാന പ്രസിഡന്റ് സഖാവ് ടി.പി. രാമകൃഷ്ണൻ ഉദ്ഘാടനം ചെയ്തു. പുതിയതായി തിരഞ്ഞെടുക്കപ്പെട്ട ജില്ലാ സെക്രട്ടറി യു.പി. ജോസഫ് സ്വാഗതം ചെയ്തു, K.K. രാമചന്ദ്രൻ മാസ്റ്റർ അധ്യക്ഷനായി.

സമാപന ചടങ്ങുകൾ സമാധാനപരമായി പൂർത്തിയാക്കി.

---

LOCAL

## പൊതുമരാമത്ത് വകുപ്പ് മന്ത്രി കൊണ്ടോട്ടിയിൽ നടത്തിയ പരിപാടി



**RAMESH CHUNGAPPALLI |** *ഭിന്നശേഷി സൗഹൃദ വിദ്യാഭ്യാസത്തിന് ‘ഉയരെ’; ചിറകിന്റെ സമഗ്ര വിദ്യാഭ്യാസ പദ്ധതിക്ക് തുടക്കം*

*കൊണ്ടോട്ടി:* സ്കൂൾ ഗ്രാമത്തിലും,സ്കൂളിലുമായി

ഭിന്നശേഷി വിദ്യാർത്ഥികൾക്കും പഠനപിന്തുണ ആവശ്യമുള്ളവർക്കും തുല്യ വിദ്യാഭ്യാസ അവസരങ്ങൾ ഉറപ്പാക്കി സ്വയം പര്യാപ്തതയിലേക്ക് നയിക്കുക എന്ന ലക്ഷ്യത്തോടെ ഇ.എം.ഇ.എ ഹയർ സെക്കൻഡറി സ്കൂൾ ‘ചിറക്’ ന്റെ നേതൃത്വത്തിൽ സമഗ്ര വിദ്യാഭ്യാസ പദ്ധതിയായ ഉയരെക്ക് തുടക്കമായി.

പദ്ധതിയുടെ ലോഗോ പൊതുമരാമത്ത് വകുപ്പ് മന്ത്രിയും ഇഎംഇഎ മാനേജ്മെന്റ് സെക്രട്ടറിയുമായ പി.കെ. ബഷീർ പ്രകാശനം ചെയ്തു. ചിറക് അധ്യാപക കോർഡിനേറ്റർ കെ.എം. ഇസ്മായിൽ മാസ്റ്റർ ലോഗോ ഏറ്റുവാങ്ങി.

വിദ്യാഭ്യാസം എല്ലാവർക്കും അവകാശമാണെന്ന സന്ദേശവുമായി, ഭിന്നശേഷി സൗഹൃദവും തുല്യതാധിഷ്ഠിതവുമായ വിദ്യാഭ്യാസ അന്തരീക്ഷം സൃഷ്ടിക്കുകയാണ് ‘ഉയരെ’യുടെ ലക്ഷ്യം. പഠനം മുടങ്ങിയവരെ തുടർ വിദ്യാഭ്യാസത്തിലേക്ക് എത്തിക്കുക, തുല്യതാ പരീക്ഷകൾക്ക് പ്രാപ്തരാക്കുക, ഉന്നത പഠനത്തിന് അവസരമൊരുക്കുക, പഠനത്തിലൂടെ തൊഴിൽ നൈപുണ്യവും സ്വയംപര്യാപ്തതയും വളർത്തുക തുടങ്ങിയവയാണ് പ്രധാന ലക്ഷ്യങ്ങൾ.

*പ്രധാന ഉപപദ്ധതികൾ:*

*1. ഉയരെ വിദ്യാഭ്യാസ സ്കോളർഷിപ്പ്:* സാമ്പത്തികവും സാമൂഹികവുമായ പരിമിതികൾ കാരണം പഠനം തടസ്സപ്പെടുന്ന അർഹരായ വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും തുടർ വിദ്യാഭ്യാസ പിന്തുണയും.

*2. അക്ഷരശ്രീ പഠനപദ്ധതി:* പഠനത്തിൽ പിന്നാക്കം നിൽക്കുന്നവർക്കും പ്രത്യേക പിന്തുണ ആവശ്യമുള്ളവർക്കും വ്യക്തിഗത പഠനസഹായം, പഠനോപകരണങ്ങൾ, മെന്ററിംഗ്, തുല്യതാ പരീക്ഷാ പരിശീലനം.

*3. വീട്ടിലിരുന്ന് സ്മാർട്ടായി പഠിക്കാം:* വീട്ടിലിരുന്ന് പഠനം തുടരാൻ ഡിജിറ്റൽ പഠനസൗകര്യങ്ങൾ, ഓൺലൈൻ ക്ലാസുകൾ, സാങ്കേതിക ഉപകരണങ്ങൾ, പഠന വിഭവങ്ങൾ.

*4. അക്ഷരവെളിച്ചം പദ്ധതി:* പഠനാവസരങ്ങളിൽ നിന്ന് അകന്നു നിൽക്കുന്നവരെ കണ്ടെത്തി അക്ഷരാഭ്യാസം, അടിസ്ഥാന വിദ്യാഭ്യാസം, തുടർ പഠനം, തുല്യതാ പരീക്ഷകൾ എന്നിവയിലേക്ക് നയിക്കും.

ഇതിനു പുറമെ തൊഴിൽ നൈപുണ്യ പരിശീലനം, കരിയർ ഗൈഡൻസ്, മത്സരപരീക്ഷാ പരിശീലനം, വിദ്യാ ഗ്രാമം,ജീവിതനൈപുണ്യ വികസനം, സ്വയംതൊഴിൽ മാർഗനിർദേശം, സർക്കാർ ആനുകൂല്യങ്ങൾ ലഭ്യമാക്കാനുള്ള സഹായം എന്നിവയും ഘട്ടം ഘട്ടമായി നടപ്പാക്കും.

സ്കൂൾ മാനേജ്മെന്റ്, അധ്യാപകർ, വിദ്യാർത്ഥികൾ, നാട്ടുകാർ, സ്കൂൾ ഗ്രാമത്തിലെ വിവിധ ക്ലബ്ബുകൾ, സന്നദ്ധ സംഘടനകൾ എന്നിവരുടെ കൂട്ടായ പങ്കാളിത്തത്തോടെയാണ് പദ്ധതി. ചിറകിന് പിന്തുണ നൽകുന്ന അമൽ ഇൻസ്പയേഴ്സ്, ഡിവിഷൻ കൗൺസിലർ ഫൗസിയ ഇഖ്ബാൽ എന്നിവരുടെ നേതൃത്വവും സഹകരണവും പദ്ധതിക്ക് കരുത്തേകും.

ഡോ. ശാഫി താൾ തൊടി, വിദ്യാഭ്യാസ പദ്ധതി കോർഡിനേറ്റർ അഡ്വ. അഷ്കർ കാരാത്തൊടി, വിദ്യാർത്ഥി കോർഡിനേറ്റർ അക്ഷയ്. കേ. കെ.സി വാജിദ്, എം.ബി

അദ്വൈത്,

പൂർവ്വ വിദ്യാർത്ഥി സമീറ.കേ എന്നിവർ പങ്കെടുത്തു.

“എല്ലാവർക്കും വിദ്യാഭ്യാസം, എല്ലാവർക്കും തുല്യത, എല്ലാവർക്കും സ്വയംപര്യാപ്തത” എന്ന കാഴ്ചപ്പാടോടെ, ആരും പഠനവഴിയിൽ പിന്നിലാകാത്ത സമൂഹം സൃഷ്ടിക്കുകയാണ് ‘ഉയരെ’ ലക്ഷ്യമിടുന്നതെന്ന് ചിറക് ഗ്രാമം കോർഡിനേറ്റർ സി.പി. സാബിര അറിയിച്ചു.